ശ്രീ. എ. ജെ. ജോൺ: അങ്ങനെ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇവരുടെ അപേക്ഷ ക്ഷണിച്ചതു് പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ അതോ ഗവണ്മെണ്ടു് ആണോ?

ശ്രീ. എ. ജെ. ജോൺ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണു്.

Sri. P. Balakrishnan Tampi: Will the Government be pleased to send a copy of the Indian Constitution to the Public Service Commission? They seem to be unaware of the Constitution.

ശ്രീ. എ. ജെ. ജോൺ: അതു് അവരുടെ കയ്യിൽ കാണുമായിരിക്കും.

പിന്നോക്കസമുദായ വിദ്യാർത്ഥികൾ

*വ്യ ഠ ൪. (൧൧) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹരിജനഹോസ്റ്റലുകൾ നിർത്തിയതു് ഏതു തത്വത്തെ അടിസ്ഥാനമാക്കിയാണു്;

(ബി) മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു് പ്രതിമാസം എന്തു തുകവീതം വേതനം നൽകുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഹൈസ്കൂൾ ക്ലാസ്സുകളിലും, മിഡിൽസ്കൂൾ ക്ലാസ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഈവർഷം, കോളേജ് ക്ലാസ്സുകളിൽ പഠിക്കുന്നവർക്കായി രണ്ടും ഹരിജൻ ഹോസ്റ്റലുകളാണു് ഗവണ്മെണ്ടിൽനിന്നും നടത്തി വന്നിരുന്നതു്. എന്നാൽ സംസ്ഥാനത്തിലെ വിവിധ ഹൈസ്കൂളുകളിലും മിഡിൽ സ്കൂളുകളിലും ആയി ഉദ്ദേശം എണ്ണായിരം പിന്നോക്കസമുദായ വിദ്യാർത്ഥികൾ ഉണ്ടു്. ഇത്രയും പേർക്കു് ഹോസ്റ്റൽ സൗകര്യം നൽകാൻ സാധ്യമല്ലാതെ വന്നതിനാൽ നിലവിലിരുന്ന സംപ്രദായം മാറ്റി എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടു. പ്രസ്തുത പദ്ധതിയനുസരിച്ചു പുസ്തകങ്ങൾ, വസ്ത്രം മുതലായവ വാങ്ങുന്നതിനായി ഹൈസ്കൂൾ ക്ലാസ്സുകളിലും മിഡിൽസ്കൂൾ ക്ലാസ്സുകളിലും പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു് പ്രതിവർഷം യഥാക്രമം നാല്പതും, ഇരുപത്തിയഞ്ചും രൂപാവീതം സഹായധനം നൽകിവരുന്നു.

(ബി) ഏ യുടെ ഉത്തരത്തിൽ പ്രസ്താവിച്ച രീതിയിലുള്ള സഹായധനം കൂടാതെ മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു് മുഴുവൻ ഫീസ് സൗജന്യവും കൊടുത്തുവരുന്നുണ്ടു്.

ശ്രീ. സി. സി. പ്രസാദ്: ഇതേവരെ സി.എം.എസ്സ്. ഹൈസ്കൂളിൽ പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കും മറ്റും ഫീസു സൗജന്യം കിട്ടീട്ടില്ല എന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. സി. കേശവൻ. അങ്ങിനെ ഗവണ്മെണ്ടിനറിവില്ല.

ശ്രീ. സി. സി. പ്രസാദ്: ഇതേസംബന്ധിച്ചു് അവിടെനിന്നും അപേക്ഷകൾ കിട്ടീട്ടില്ലയെന്നാണോ പറയുന്നതു്?

ശ്രീ. സി. കേശവൻ: അപേക്ഷകൾ വന്നിട്ടുണ്ടായിരിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഗണകസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു് ഇതേവരെ സൗജന്യം ലഭിച്ചിട്ടില്ല എന്നുള്ളതുസംബന്ധിച്ചു് അടുത്തദിവസം ഒരു നിവേദനം ഗവണ്മെണ്ടിൽ വന്നിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പാവർട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം അവർക്ക് സൗജന്യം കിട്ടുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവർക്ക് സൗജന്യമായി എത്ര സംഖ്യവരെ കൊടുക്കാമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്?

ശ്രീ. സി. കേശവൻ: അതു് അവരുടെ വിദ്യാഭ്യാസരീതിയേയും മറ്റും പരിഗണിച്ചാണ കൊടുക്കുന്നതു്. അവർ എത്ര കാലത്തേയ്ക്കു് അർഹരാണെന്നും മറ്റുമുള്ള സംഗതി ഇപ്പോൾ പറയുന്നതിനു നിവൃത്തിയില്ല.

VALIA ELA

*805 [12] **Sri. D. Gnanasigamoni:** Will the Hon'ble Minister for Agriculture be pleased to state.

(*a*) whether any portion of Valia Ela in Vilavancode taluk is given to any one for agricultural purpose; and

(*b*) if so, the extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) 300 acres.

Sri. D. Gnanasigamani: May I know the total extent, of that Valia Ela?

Sri. T. K. Narayana Pillai: The total extent, I do not know. The land allotted comes nearly to 300 acres.

Sri. D. Gnaansigamani: I want to know whether there are other lands adjacent to this, and are fit for cultivation.

Sri T. K. Narayana Pillai. I am not in a position to say now.

ശ്രീ. സാഹിബ്ബു് ബഹദൂർ വി. എ. അബ്ദുൽഖാദർ അസ്സീസ്സു്: ഈ സ്ഥലം ആക്കാണു കൊടുത്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് എക്സ് സർവ്വീസ് മെൻസ് കോളനൈസേഷൻ സൊസൈറ്റിക്കാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എത്ര തുകയാണ് ഗവൺമെന്റിൽ നിന്നും അവർക്കു കൊടുത്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള. ൪൦,൦൦൦ രൂപയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ആ തുക മുഴുവൻ വേസ്റ്റ് ചെയ്തതായി ഗവൺമെന്റിനറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തോ ചില കുഴപ്പങ്ങൾ അവിടെ ഉള്ളതായി അറിയാം.

വളം ഡിപ്പോ

*൭൦൩ (ഉമ) ശ്രീ. കണ്ണാറ ഗോപാലകൃഷ്ണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) തിരുവല്ലാ താലൂക്കിലേക്ക് അനുവദിച്ചിട്ടുള്ള വളം ഡിപ്പോ താലൂക്കിന്റെ മധ്യഭാഗത്തു സ്ഥാപിക്കാതെ താലൂക്കിന്റെ വടക്കുപടിഞ്ഞാറെ മൂലയായ 'മനുങ്കരച്ചിറ' സ്ഥാപിക്കുവാനുണ്ടായ കാരണമെന്തു്?

(ബി) വേനൽക്കാലത്തു ആ സ്ഥലത്തു വളം ഇറക്കുന്നതിനും അവിടെനിന്നു കയറ്റുന്നതിനും എത്ര സൌകര്യമാണുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly